സ്നേഹപൂർവ്വം പദ്ധതി

335 (3623) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നടപ്പിലാക്കി വരുന്ന സ്നേഹപൂർവ്വം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) നിലവിൽ പ്രസ്തുത പദ്ധതിയിൻ കീഴിൽ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ; അവയിൽ എത്രയെണ്ണത്തിൽ സഹായം നൽകിയിട്ടുണ്ട് ; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ ?

ഉത്തരം

(എ) മാതാവോ പിതാവോ ഇവർ ഇരുവരുമോ മരണമടഞ്ഞ ബി.പി.എൽ. വിഭാഗത്തിലുള്ള കുടുംബങ്ങളിലെ സർക്കാർ/എയ്ഡഡ് സ്കൂൾ/കോളേജുകളിൽ പഠിക്കുന്നവരുമായ കുട്ടികൾക്കാണ് ഈ പദ്ധതി ആനുകൂല്യം അനുവദിക്കുന്നത്. എ.പി.എൽ. വിഭാഗത്തിൽപ്പെടുന്ന കുട്ടികളുടെ കുടുംബ വാർഷിക വരുമാനം ഗ്രാമപ്രദേശങ്ങളിൽ 20,000 രൂപയിലും നഗരപ്രദേശങ്ങളിൽ 22,375 രൂപയിലും താഴെയാണെങ്കിലും ഈ പദ്ധതി ആനുകൂല്യത്തിന് അർഹതയുണ്ട്. 5-ാം ക്ലാസ്സുവരെ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 300 രൂപ നിരക്കിലും 6 മുതൽ 10 വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 500 രൂപ നിരക്കിലും +1, +2 ക്ലാസ്സുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് പ്രതിമാസം 750 രൂപ നിരക്കിലും ഡിഗ്രി/പ്രൊഫഷണൽ ക്ലാസ്സുകളിൽ പഠിക്കുന്നവർക്ക് പ്രതിമാസം 1000 രൂപ നിരക്കിലും (പ്രതിവർഷം പരമാവധി 10 മാസത്തേയ്ക്ക്) ധനസഹായം അനുവദിക്കുന്നു.

(ബി) 2013-14 സാമ്പത്തിക വർഷത്തിൽ 40020 അപേക്ഷകൾ ലഭിച്ചു. 11437 അപേക്ഷകൾ അപാകതയുള്ളതായിരുന്നു. ബാക്കി അർഹതയുള്ള 28583 പേരിൽ 27325 പേർക്ക് ധനസഹായം അനുവദിച്ചു.

LIBRARY ARCHIVES Kerala Legislative Assembly

ജില്ല	അപേക്ഷകളുടെ എണ്ണം	ധനസഹായം അനുവദിച്ച അപേക്ഷകളുടെ എണ്ണം
എറണാകുളം	3700	3183
കോഴിക്കോട്	2782	2762
ആലപ്പുഴ	1528	1408
കോട്ടയം	1558	1528
പത്തനംതിട്ട	1312	1245
തൃശ്ശൂർ	2132	2084
തിരുവനന്തപുരം	4062	4058
കൊല്ലം	2255	2158
പാലക്കാട്	3167	3025
കണ്ണൂർ	1028	1010
ഇടുക്കി	858	810
മലപ്പുറം	2214	2114
വയനാട്	818	786
കാസർഗോഡ്	1169	1154
ആകെ	28583	27325

2014-15 വർഷത്തിൽ അപേക്ഷകൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾ മുഖേന ഓൺലൈനായിട്ടാണ് സ്വീകരിക്കുന്നത്. 856 അപേക്ഷകൾ ഓൺലൈനായി സാമൂഹ്യ സുരക്ഷാ മിഷന്റെ വെബ് സൈറ്റിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. എന്നാൽ സ്കൂൾ മേധാവികൾ 11 കുട്ടികളുടെ കമ്പ്യൂട്ടർ ജനറേറ്റഡ് ലിസ്റ്റ് മാത്രമാണ് ശിപാർശ ചെയ്ത് ലഭ്യമാക്കിയിട്ടുള്ളത്.

സ്നേഹപൂർവ്വം പദ്ധതി

336 (3624) ശ്രീ. എസ്. ശർമ്മ : താഴെകാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യ സുരക്ഷാ മിഷന്റെ സ്നേഹപൂർവ്വം പദ്ധതി പ്രകാരം വൈപ്പിൻ മണ്ഡലത്തിൽ നിന്നും എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട് ;

(ബി) ഇതിൽ എത്ര അപേക്ഷകൾ തീർപ്പു കൽപ്പിച്ചിട്ടുണ്ട് ; ഇതിന്റെ ആനുകൂല്യം എത്ര കുട്ടികൾക്ക് ലഭിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly